NO. P. 433/91.

സ്വയംസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിൻമേൽ
ആരൂഢനായിരിക്കുന്ന
പൌരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ
മോറാൻ മാർ ബസ്സേലിയോസ് മാർ തോമ്മാ മാത്യൂസ് ദ്വിതീയൻ

നമുക്കേറ്റവും പ്രിയപ്പെട്ടിരിക്കുന്ന മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ എല്ലാ മേല്പട്ടക്കാരും പട്ടക്കാരും ശെമ്മാശന്മാരും കുഞ്ഞാടുകളും പെണ്ണാടുകളും ആടുകളുമായ എല്ലാവർക്കും സഭയെ സ്നേഹിക്കുകയും പ്രിയപ്പെടുകയും ചെയ്യുന്ന എല്ലാ അഭ്യുദയ കാംക്ഷികൾക്കും യഥാക്രമം കർത്താവിൽ സമാധാനവും വാഴ്വും.

പ്രിയരെ, വളരെ സന്തോഷത്തോടുംകൃതജ്ഞതാ നിർഭരമായ ഹൃദയത്തോടുംകൂടി നിങ്ങളെ നാം അറിയിക്കുന്നത്:

കുന്നംകുളത്ത് പുലിക്കോട്ടിൽ തറവാട്ടിൽ ഉത്തമനായ ചുമ്മാരുടെ സീമന്തപുത്രനായി 1740 നവംബർ മാസം 25-ാം തീയതി ജനിച്ച യൗസേഫ് എന്ന ഇട്ടൂപ്പ് ദൈവത്തിന്റെ ഒരു വലിയ ദാനമായിരുന്നു. കാലചക്രത്തിന്റെ ഉരുളിച്ചയിൽ വളർന്ന വലുതായ ഇട്ടൂപ്പിൽ നോമ്പ്, നമസ്കാരം

ഇടങ്ങിയ ഭക്തിജീവിതവും കാര്യങ്ങൾ ഗ്രഹിച്ച്
അപ്പോഴപ്പോൾ ചെയ്യേണ്ട കാര്യങ്ങൾ മടി
കൂടാതെ ചെയ്യുവാനുള്ള ശേഷിയും ശേമുഷിയും
കണ്ടറിഞ്ഞ സഭയുടെ ചുമതലക്കാർ അദ്ദേഹത്തെ
ശെമ്മാശനായും പിന്നീട് വൈദികനായും ഉയർ
ത്തി. പല വിധികളുടേയും പ്രഭവസ്ഥാനമായി
പ്രശോഭിച്ച ദാർശനികനായ അദ്ദേഹം കോട്ട
യത്തേക്ക് വന്ന്, ഒന്നുമില്ലായ്മയിൽ നിന്ന് സഭയി
ലെ വൈദിക വിദ്യാർത്ഥികൾക്ക് ഒരു പഠിത്ത
വീടുണ്ടാക്കുവാൻ ശ്രമിച്ചു. അതിന്റെ ഫലമായി
പേരും പെരുമയും സമാർജ്ജിച്ചു പ്രകാശിക്കുന്ന
ഇന്നത്തെ ഓർത്തഡോക്സ് വൈദിക സെമി
നാരിയുടെ ജനയിതാവ് എന്ന പേരിന് അർഹ
നായി. മലയാള ഭാഷയിൽ വി: വേദപുസ്തകം
പരിഭാഷപ്പെടുത്തുകയും ഇംഗ്ലീഷ് വിദ്യാഭ്യാസം
കേരളത്തിൽ ആരംഭിക്കുകയും ചെയ്തത് ഈ
പിതാവിന്റെ നേട്ടങ്ങളിൽ ചിലവ മാത്രമാണ്.
ക്രാന്തദർശിയായ ഇദ്ദേഹം പിൽക്കാലത്ത് ഒരു മെത്രാ
പ്പോലീത്താ ആയി എന്നുള്ളത് അത്ഭുതത്തിനു
വകയില്ല. ഇപ്രകാരം പ്രശോഭിതനായി വരികെ
1816 നവംബർ മാസം 25-ാം തീയതി തിരുമേനി
യുടെ

[illegible]

76-ാം ജന്മദിനത്തിൽ അദ്ദേഹം സ്വർഗ്ഗത്തിലേക്ക് യാത്ര ചെയ്തു. അദ്ദേഹത്തിന്റെ പ്രാർത്ഥനാനുഗ്രഹങ്ങൾ എല്ലാവർക്കും കോട്ടയായിരിക്കട്ടെ.

ഭാഗ്യസ്മരണീയനും ദൈവകൃപാലുവും ദൈവഹിതം ബോദ്ധ്യമായാൽ അവയുടെ സിദ്ധിക്കുവേണ്ടി ദൈവത്തെ മാത്രം നോക്കി പുറപ്പെടുന്ന ധീരവീരനും ദാർശനികനും കർമ്മനിരതനുമായ ഈ വന്ദ്യപിതാവിന്റെ പ്രകാശിതവും പ്രശോഭിതവുമായ ജീവിതത്തെയും നേട്ടങ്ങളെയും പരിഗണിച്ച് 1991 ഒക്ടോബർ മാസം 31-ാം തീയതി സോഫിയാ സെന്ററിൽ വെച്ചു കൂടിയ പ: എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ തീരുമാനപ്രകാരം അദ്ദേഹത്തിന് "സഭാ ജ്യോതിസ്സ്" എന്ന ഉചിതവും ഉത്തമവുമായ നാമം നൽകി ബലഹീനനായ നാം കൃതാർത്ഥനാകട്ടെ. പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് പ്രഥമൻ "സഭാ ജ്യോതിസ്സ്"
"സഭാജ്യോതിസ്സ്" "സഭാജ്യോതിസ്സ്"
കർത്താവിൽ ബലഹീനനായ നമ്മുടെ സ്നേഹം

ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ. ദൈവത്തിന്റെ കൃപയും അനു

ഗ്രഹങ്ങളും നിങ്ങളെല്ലാവരോടും സദാ വർ
ധിച്ചിരിക്കുമാറാകട്ടെ. ആയതു് ദൈവമാതാവാ
യ വിശുദ്ധ മർത്തമറിയാം അമ്മയുടെയും, ഇൻഡ്യ
യുടെ കാവൽ പിതാവായ പരിശുദ്ധ മാർത്തോ
മ്മാ ശ്ലീഹായുടെയും ശേഷം എല്ലാ ശുദ്ധിമാന്മാ
രുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ
തന്നെ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ...

29-11-1991
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽ നിന്നു്